I/13193/2023

ഭരണഭാഷ – മാതൃഭാഷ

No..LSGD/2625/2023-DB5

തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2324030
ഇ-മെയിൽ : celsgd@gmail.com
വെബ്സൈറ്റ്: www.celsgd.kerala.gov.in
തീയതി: 24-05-2023

## സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-LID&EW- STP/FSTP പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് -- സംബന്ധിച്ച്

സൂചന :
1. **Letter no:WM2/1/2023-LSGD-Part(1) dt 12/4/2023 , Local self Government (W.M) Department**
2. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/3/23ന് നടന്ന യോഗതീരുമാനം

സംസ്ഥാനത്ത് നടപ്പാക്കുന്ന STP/FSTP പദ്ധതികളുടെ നിർമ്മാണ പുരോഗതി ചർച്ച ചെയ്യുന്നതിനായി ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13/3/23ന് യോഗം ചേർന്നിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സൂചന (2)-ൽ പരാമർശിച്ചിട്ടുള്ളതും , സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദേശിച്ചിട്ടുള്ളതുമായ STP/FSTP പദ്ധതികൾ കാലതാമസം ഉണ്ടാകാതെ പൂർത്തീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ഒപ്പം തദ്ദേശസ്ഥാപനങ്ങളിൽ നിലവിലുള്ളതും വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളതുമായ STP/FSTP/ശുചിത്വമിഷൻ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് മുൻഗണന നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

Signed by
Sandeep K G
Date: 24-05-2023 14:15:42
Sandeep K G
CHIEF ENGINEER

ഉള്ളടക്കം : 1. Ref(2)

**<u>സംസ്ഥാനത്ത് നടപ്പാക്കുന്ന STP/FSTP പദ്ധതികളുടെ നിർമ്മാണ പുരോഗതി ചർച്ച ചെയ്യുന്നതിനായി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-03-2023 ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്</u>**

യോഗം 11.30 AM ന് ആരംഭിച്ചു .

യോഗത്തിൽ 08-02-2023 ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്ന 10 STP/FSTP പദ്ധതികളുടെ നിർമ്മാണ പുരോഗതി അവലോകനം ചെയ്യുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു .

**<u>കൊച്ചി</u>**

1. ഇളംകുളം - 2023 മെയ് 31 നകം പദ്ധതി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കും.
2. ബ്രഹ്മപുരം - 2023 മാർച്ച് 31 നകം പ്രവർത്തനം ആരംഭിക്കും.
3. വെല്ലിംഗ്ടൺ ഐലൻഡ് - 2023 മാർച്ച് 31 നകം പ്രവർത്തനം ആരംഭിക്കും.

നടപടി : മിഷൻ ഡയറക്ടർ, അമൃത്

**<u>കൊല്ലം</u>**

4. കുരീപ്പുഴ - 2023 മെയ് 31 - നകം പദ്ധതി പൂർത്തിയാക്കും.

നടപടി : മിഷൻ ഡയറക്ടർ, അമൃത്

**<u>കോഴിക്കോട്</u>**

5. മെഡിക്കൽകോളേജ് (2.1 MLD) - പദ്ധതിയുടെ ജോലികൾ പുരോഗമിക്കുകയാണെന്നും 2023 മെയ് 31 - നകം പദ്ധതി പൂർത്തിയാക്കും.

6. മെഡിക്കൽ കോളേജ് (1 MLD) - നിർമ്മാണ പ്രവർത്തനങ്ങൾ അല്പം മന്ദഗതിയിലാണെങ്കിലും 2023മെയ് 31 നകം പദ്ധതി പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മിഷൻ ഡയറക്ടർ അമൃത് അറിയിച്ചു .

നടപടി : മിഷൻ ഡയറക്ടർ, അമൃത്

**<u>കണ്ണൂർ</u>**

7. പടന്നപ്പാലം 2023മെയ് 31 നകം പദ്ധതി പൂർത്തിയാക്കും.

നടപടി : മിഷൻ ഡയറക്ടർ, അമൃത്

**<u>ആലപ്പുഴ</u>**

8. ജനറൽ ഹോസ്പിറ്റൽ - സിവിൽ ജോലികൾ ഏറെക്കുറെ പൂർത്തിയായെന്നും ഇലക്ട്രിക്കൽ, മെക്കാനിക്കൽ ജോലികൾ ബാക്കിയുണ്ടെന്നും പദ്ധതി 2023 മെയ് 31 നകം പൂർത്തിയാക്കുമെന്നും അമൃത് അറിയിച്ചു .

നടപടി : മിഷൻ ഡയറക്ടർ, അമൃത്

**<u>തൃശ്ശൂർ</u>**

9. മാടക്കത്തറ - പോലീസിന്റെ സംരക്ഷണത്തോട്ടുകൂടി പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കണമെന്ന് ബഹു . തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നിർദ്ദേശിച്ചു . മാടക്കത്തറ പ്ലാന്റ് പൂർണ്ണമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശം അടിയന്തിരമായി മാടക്കത്തറ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകണം.

**ഇടുക്കി**

10. മൂന്നാർ - മൂന്നാറിൽ ഫീക്കൽ സ്ലഡ്ജ് സംസ്കരണ പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചതായും പ്രവൃത്തി 2023 മെയ് 31 നകം പൂർത്തിയാക്കുമെന്നും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതായി ശുചിത്വ മിഷൻ അറിയിച്ചു

മേൽപ്പറഞ്ഞ 10 പദ്ധതികൾ കൂടാതെ എറണാകുളം ജില്ലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ യോഗം പരിഗണിക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു .

1) എറണാകുളം ജില്ലയിൽ GCDA / കൊച്ചിൻ പോർട്ട് ട്രസ്റ്റ് എന്നിവയുടെ നിയന്ത്രണത്തിലുള്ള STP-കൾ മുഴുവൻ കപ്പാസിറ്റിയിൽ പ്രവർത്തിക്കാത്ത സാഹചര്യത്തിൽ ടി സ്ഥലങ്ങളിലും കൂടി കക്കൂസ് മാലിന്യ സംസ്കരണം സാധ്യമാക്കുമോ എന്ന് പരിശോധിക്കണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയത്തിൽ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. Co - treatment സാധ്യമാകുന്ന പക്ഷം ആയതിനുള്ള ഫണ്ട് അമൃത് പദ്ധതിയിൽ നിന്നും ലഭ്യമാക്കാമെന്ന് അമൃത് മിഷൻ ഡയറക്ടർ അറിയിച്ചു .

2) ഇളംകുളം - നിലവിലുള്ള STP യ്ക്ക് സമീപം ഒരേക്കറോളം സ്ഥലം ലഭ്യമാണെന്ന് കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. നിലവിൽ ബ്രഹ്മപുരത്ത് Urban agglomeration fund ഉപയോഗപ്പെടുത്തി നിർമ്മിക്കുവാൻ വിഭാവനം ചെയ്ത FSTP - യുടെ Inspection Report പരിശോധിച്ച സാങ്കേതിക സമിതി പ്ലാന്റ് നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം കടമ്പ്രയാറിന്റെ flood plain - ൽ ആകയാൽ മറ്റൊരു സ്ഥലം പരിഗണിക്കുന്നത് ഉചിതമായിരിക്കുമെന്ന് നിർദ്ദേശിച്ച സാഹചര്യത്തിൽ പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്തി ഇളംകുളത്തെ ലഭ്യമായ സ്ഥലത്ത് FSTP സ്ഥാപിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ കൊച്ചി നഗരസഭ സെക്രട്ടറിയെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

യോഗം 1. 00 PM ന് അവസാനിച്ചു .

**യോഗത്തിൽ പങ്കെടുത്തവർ**

1. ശ്രീമതി ശാരദ മുരളീധരൻ അഡീഷണൽ ചീഫ് സെക്രട്ടറി
2. ശ്രീ. എം.ജി രാജമാണിക്യം പ്രിൻസിപ്പൽ ഡയറക്ടർ, LSGD
3. ശ്രീ. അരുൺ കെ വിജയൻ ഡയറക്ടർ എൽഎസ്ജിഡി (അർബൻ)
4. ശ്രീ. വെങ്കിടേശപതി .എസ് മാനേജിങ് ഡയറക്ടർ KWA
5. ശ്രീ. കെ .റ്റി .ബാലഭാസ്കരൻ എക്സിക്യൂട്ടീവ് ഡയറക്ടർ , ശുചിത്വ മിഷൻ
6. ശ്രീ. സന്ദീപ് .കെ .ജി ചീഫ് എഞ്ചിനീയർ , LSGD
7. ശ്രീ. പ്രവീൺ.കെ.എസ് ഡയറക്ടർ (LWM) ശുചിത്വ മിഷൻ
8. ശ്രീ. യു .വി .ജോസ് ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ KSWMP
9. ശ്രീ. മുഹമ്മദ് ഹുവൈസ്.എച്ച് ഡെപ്യൂട്ടി ഡയറക്ടർ SWAG CELL, LSGD അർബൻ
10. ശ്രീ . എം.കെ.വിജയകമാർ, ഡെപ്യൂട്ടി മിഷൻ ഡയറക്ടർ അമൃത്
11. ശ്രീ . രാമു വിനായക് .എസ്, അർബൻ പ്ലാനർ എസ് .എം .എം .യു, അമൃത്
12. ശ്രീ .ബി .കെ ബാലരാജ്, അഡിഷണൽ ഡയറക്ടർ
13. ശ്രീമതി . ബിന്ദു സുഗുണൻ ചീഫ് എഞ്ചിനീയർ KWA



Generated from eOffice by Arun S V, DB5 (EW) PD LSGD, DB5 (EW) PD LSGD, PD LSGD on 06/05/2023 04:08 PM

I/5686101/2023

M B RAJESH
MINISTER



Generated from eOffice by Arun S V, DB5 (EW) PD LSGD, DB5 (EW) PD LSGD, PD LSGD on 06/05/2023 04:08 PM